(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ.)

ശ്രീ. ടി. ശിവദാസമേനോൻ : അവരുടെ സംഘടനാ പ്രതിനിധികളേയും സ്റ്റേറ്റ് ഗവൺമെന്റിന്റെ നാഷണൽ സേവിംഗ്സ് ഡയറക്ടറേയും അതുപോലെ കേന്ദ്ര ഗവൺമെന്റിലെ ഉദ്യോഗസ്ഥന്മാരേയും ഉൾപ്പെടുത്തി ഒരു കോ-ഓർഡിനേഷൻ, സ്റ്റാന്റിംഗ് കമ്മിറ്റിയാണ് അവർ ഉദ്ദേശിക്കുന്നതെന്ന് തോന്നുന്നു. അങ്ങനെയുള്ള ഒരു കമ്മിറ്റിയുടെ കാര്യം ഗവൺമെന്റ് പരിശോധിക്കാം. കാരണം സംഘടന എന്നു പറഞ്ഞാൽ കുറെയുണ്ട്. അപ്പോൾ പത്ത്, ആയിരം ആളുകൾ ഇരുന്ന് ചർച്ചചെയ്താൽ ഇത് നടക്കുകയില്ല. അതുകൊണ്ട് ആ കാര്യത്തിൽ ഒരു സ്റ്റാന്റിംഗ് കമ്മിറ്റി ആവശ്യമാണോയെന്ന് ഗവൺമെന്റ് പരിശോധിക്കട്ടെ. ആ നിർദ്ദേശം ബഹുമാനപ്പെട്ട മെമ്പർ വച്ചത് ഗവൺമെന്റ് ഗൗരവമായി പരിശോധനയ്ക്ക് വിധേയമാക്കും.

IV. സബ്മിഷൻ

(1) കാസർഗോഡ് ജില്ലയിലെ വിവിധ വകുപ്പുകളിലെ ഒഴിവുകളിൽ നിയമനം നടത്തേണ്ടത് സംബന്ധിച്ച്

ശ്രീ. കെ.പി. സതീശ് ചന്ദ്രൻ : കാസർകോഡ് ജില്ലയിൽ വിവിധ സർക്കാർ വകുപ്പുകളിലായി എണ്ണൂറോളം ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തതായി ഔദ്യോഗികമായി വിവരം ലഭിച്ചിട്ടുണ്ട്. ഈ തസ്തികകളിൽ നിയമനം നടത്താതെ ഇപ്പോഴും ഒഴിഞ്ഞുകിടക്കുകയാണ്. സർക്കാർ ഓഫീസുകളിൽ ആവശ്യമായ ജീവനക്കാർ ഇല്ലാതെ ഓഫീസുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ നടപടിയുണ്ടാകാൻ വലിയ കാലതാമസം നേരിടുകയാണ്. പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ള ഈ എണ്ണൂറോളം ഒഴിവുകളിൽ നിയമനം നടത്താൻ സത്വര നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സ്പീക്കർ സർ, സർക്കാർ സർവ്വീസിൽ വിവിധ തസ്തികകളിൽ ഉണ്ടാകുന്ന എല്ലാ ഒഴിവുകളും യഥാസമയം പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യണമെന്ന് വകുപ്പുമേധാവികൾക്കും നിയമനാധികാരികൾക്കും കർശനമായ നിർദ്ദേശം നൽകിയിട്ടുണ്ട്. ഓരോ വകുപ്പിലും ഓരോ വർഷവും ഉണ്ടായേക്കാവുന്ന ഒഴിവുകൾ മുൻകൂട്ടി പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യണമെന്നും റാങ്ക് ലിസ്റ്റ് നിലവിലുള്ള പ്രസ്തുത ലിസ്റ്റിൽ നിന്നും മാത്രമേ നിയമനം നടത്താവൂ എന്നും പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുള്ളപ്പോൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുവഴി നിയമനം നടത്തരുതെന്നും നിർദ്ദേശിച്ചിട്ടുണ്ട്. മാത്രമല്ല മൂന്നു മാസത്തിൽ കൂടുതൽ കാലം നിലനിൽക്കുന്ന ഒഴിവുകൾ പി.എസ്.സി.യിൽ റാങ്ക് ലിസ്റ്റ് നിലവിൽ ഇല്ലെങ്കിൽപ്പോലും കർശനമായും റിപ്പോർട്ട് ചെയ്തിരിക്കണം. ഈ നിർദ്ദേശം പാലിക്കാത്ത നിയമനാധികാരികൾക്കെതിരെ കൈക്കൊള്ളുന്ന നടപടികൾ അറിയിക്കാൻ വകുപ്പ് സെക്രട്ടറിമാരോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(2) മംഗലംഡാം-കിഴക്കഞ്ചേരി 1,2 വില്ലേജുകളിലെ കർഷകർക്ക് പട്ടയം നൽകണമെന്ന ആവശ്യം

ശ്രീ. സി.കെ. രാജേന്ദ്രൻ : സർ, എന്റെ മണ്ഡലത്തിലെ മംഗലംഡാം-കിഴക്കഞ്ചേരി- 1. കിഴക്കഞ്ചേരി- 2 എന്നീ വില്ലേജുകളിലായി ഏതാണ്ട് രണ്ടായിരത്തോളം വരുന്ന മലയോര കർഷകർക്ക് പട്ടയം ലഭിക്കണം എന്നതാണ് ആവശ്യം. 1/1 (എ), 563/3 എന്നീ സർവ്വേ നമ്പറുകളിലായി ഏതാണ്ട് ആറായിരത്തിലധികം ഏക്കർ ഭൂമിക്കാണ് പട്ടയം ലഭിക്കേണ്ടത്. 40 ഉം 50 ഉം വർഷ

LIBRARY ARCHIVES Kerala Legislative Assembly